# Official Spokesperson's response to a media query on the Joint Press Release of the China-Pakistan Foreign Ministers' strategic dialogue

August 22, 2020

---

# ചൈന പാക്കിസ്ഥാൻ വിദേശകാര്യമന്ത്രിമാരുടെ നയതന്ത്ര സംഭാഷണത്തെക്കുറിച്ചുള്ള സംയുക്ത വാർത്താകുറിപ്പിനെ അടിസ്ഥാനമാക്കിയുള്ള മാധ്യമഅന്വേഷണത്തിൽ ഔദ്യോഗിക വക്താവിന്റെ പ്രതികരണം

ഓഗസ്റ്റ് 22, 2020

ചൈന പാക്കിസ്ഥാൻ വിദേശകാര്യമന്ത്രിമാരുടെ നയതന്ത്ര സംഭാഷണത്തെക്കുറിച്ചുള്ള സംയുക്ത വാർത്താകുറിപ്പിനെ അടിസ്ഥാനമാക്കിയുള്ള മാധ്യമ അന്വേഷണങ്ങൾക്ക് ഔദ്യോഗിക വക്താവ് ശ്രീ അനുരാഗ് ശ്രീവാസ്തവ ഇപ്രകാരം പ്രതികരിച്ചു:

മുൻ കാലങ്ങളിലേതു പോലെത്തന്നെ, ചൈന-പാകിസ്ഥാൻ വിദേശകാര്യമന്ത്രിമാരുടെ 2 ആം ഘട്ട നയതന്ത്ര സംഭാഷണത്തിന്റെ സംയുക്ത വാർത്താകുറിപ്പിൽ വന്ന ജമ്മു കാശ്മീർ കേന്ദ്ര ഭരണ പ്രദേശത്തെക്കുറിച്ചുള്ള പരാമർശം ഞങ്ങൾ നിഷേധിക്കുകയാണ്. ജമ്മു കാശ്മീർ കേന്ദ്ര ഭരണ പ്രദേശം ഇന്ത്യയുടെ അവിഭാജ്യവും അന്യാധീനപ്പെടുത്താൻ സാധിക്കാത്തതുമായ ഒരു ഭാഗമാണ് കൂടാതെ രണ്ടു കക്ഷികളും ഇന്ത്യയുടെ ആഭ്യന്തരമായുള്ള കാര്യങ്ങളിൽ ഇടപെടരുത് എന്നാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നത്.

അതെ സമയം തന്നെ 'ചൈന പാകിസ്ഥാൻ സാമ്പത്തിക ഇടനാഴി' എന്നതിൽ ഞങ്ങളുടെ സ്ഥിരമായ നിലപാട് ഊന്നിപ്പറയുകയും ചെയ്യുന്നു. ചൈന പാക്കിസ്ഥാൻ സാമ്പത്തിക ഇടനാഴിയിലെ പ്രൊജെക്ടുകളെക്കുറിച്ച് ഇന്ത്യയുടെ ആശങ്ക പാകിസ്ഥാനും ചൈനയുമായി പങ്കു വയ്ച്ചിരുന്നു, ഇത് ഇന്ത്യയുടെ ഭാഗമാണെങ്കിലും പാക്കിസ്ഥാൻ അനധികൃതമായി കയ്യേറിയിരിക്കുകയാണ്. പാക്കിസ്ഥാൻ അധീന കാശ്മീരിൽ നിലവിലുള്ള സ്ഥിതിയിൽ വ്യത്യാസം വരുത്തുന്നതിനായുള്ള മറ്റു രാജ്യങ്ങളുടെ പ്രവർത്തങ്ങൾ ഞങ്ങൾ തടയുന്നതായിരിക്കും കൂടാതെ ഇരു വിഭാഗങ്ങളോട് ഇത്തരം പ്രവർത്തനങ്ങൾ നിർത്തി വയ്ക്കാനായി ആഹ്വാനം ചെയ്യുകയാണ്.

ന്യൂ ഡൽഹി
**ഓഗസ്റ്റ് 22, 2020**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.